**THE VILLAGE**
INTERNATIONAL SCHOOL
"We Nurture Dreams"
AIM HIGH, TOGETHER WE FLY

| | | |
|---|---|---|
| **GRADE VIII**<br>**DATE:04/10/2024** | **TERM 1 EXAMINATION**<br>**MALAYALAM** | **Max.Marks:40**<br>**Time:2Hr** |

| | | |
|---|---|---|
| **I** | **ഖണ്ഡിക വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ശരി ഉത്തരം എഴുതുക** | 5X1=5 |
| | **ആധുനിക മലയാളസാഹിത്യത്തിലെ ത്രിമൂർത്തികളാണ് ആശാൻ,ഉള്ളൂർ,വള്ളത്തോൾ എന്നീ കവികൾ.കവിത്രയം എന്നറിയപ്പെടുന്ന ഇവരാണ് ഉള്ളടക്കം അവതരണരീതി എന്നിവയിലെല്ലാം പുതുമ കൊണ്ടുവന്നത്. നളിനി,വീണപൂവ്,ചണ്ഡാലഭിക്ഷുകി,ലീല,കരുണ എന്നിവയാണ് ആശാന്റെ പ്രധാന കൃതികൾ.ആശാൻ സാമുദായിക രംഗത്ത് പ്രവർത്തിക്കുകയും ചെയ്തു.ഉള്ളൂരിൻറെ പ്രധാന കൃതികൾ തരംഗിണി,താരാഹാരം, കർണ്ണഭൂഷണം,ചിത്രശാല,ഉമാകേരളം എന്നിവയാണ്.കാലിക പ്രാധാന്യമുള്ളതും ശബ്ദ സൗന്ദര്യം നിറഞ്ഞതുമായ കവിതകളിലൂടെ വള്ളത്തോൾ കേരളീയരുടെ കണ്ണിലുണ്ണിയായി മാറി. കഥകളിയുടെ കീർത്തി ലോകമെങ്ങും പരത്തുകയും കേരള കലാമണ്ഡലം സ്ഥാപിക്കുകയും ചെയ്തതോടെ വള്ളത്തോൾ കൂടുതൽ പ്രശസ്തനായി.** | |
| **1** | **താഴെപ്പറയുന്നവയിൽ ഉള്ളൂരിൻറെ കൃതി അല്ലാത്തത് ഏത്?**<br>**(താരാഹാരം,നളിനി,അച്ഛനും മകനും)** | |
| **2** | **കവിത്രയത്തിൽ ഉൾപ്പെടാത്ത കവി ഏത്?**<br>**(ആശാൻ,വൈലോപ്പിള്ളി,ഉള്ളൂർ)** | |

| | | |
|---|---|---|
| 3 | കേരള കലാമണ്ഡലം സ്ഥാപിച്ചത് ആര്?<br>കുമാരനാശാൻ,വള്ളത്തോൾ,വൈലോപ്പിള്ളി ശ്രീധരമേനോൻ) | |
| 4 | ത്രയം എന്ന വാക്കിൻറെ അർത്ഥം എന്ത്?<br>(മൂന്ന്,നാല്,രണ്ട്) | |
| 5 | മുകളിൽ കൊടുത്തിരിക്കുന്ന ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക | |
| II | അർത്ഥം എഴുതുക | 5X1=5 |
| 6 | ജൈവം<br>(ജീവനുള്ളത്,വിഷം പുരണ്ടത്,ജീവനില്ലാത്ത) | |
| 7 | തുംഗം<br>(ഉയർന്ന,നിവർന്ന,വലിയ) | |
| 8 | തെണ്ടം<br>(ഇരക്കുക,പ്രായശ്ചിത്തം,തിരുത്തുക) | |
| 9 | വൈഭവം<br>(കഴിവ്, ജോലി, പാടം) | |
| 10 | ശ്രീ<br>(ഐശ്വര്യം, വള്ളി, ചെറിയ കാറ്റ്) | |
| III | പര്യായം എഴുതുക | 5X1=5 |
| 11 | പല്ലവം<br>(മരം, തളിര്, അനിലൻ) | |
| 12 | അമ്മ<br>( ജനകൻ, തനയൻ, ജനനി) | |

| | | |
|---|---|---|
| **13** | **കാറ്റ്**<br>**(അനിലൻ, ഉയർന്ന,ജയം)** | |
| **14** | **ശോഭ**<br>**(കാന്തി, സുന്ദരം, വലിവ്)** | |
| **15** | **ലത**<br>**( ശിഖരം, വള്ളി, മാരകം)** | |
| **IV** | **പിരിച്ചെഴുതുക** | 2X1=2 |
| **16** | **പുതുമയായിരിക്കും**<br>**(പുതുമ+യായിരിക്കും, പുതുമ+ആയിരിക്കും, പുതുമ+യിരിക്കും)** | |
| **17** | **മാരകമായ**<br>**( മാരകം+ ആയ, മാരക+മായ, മാര+ആയ)** | |
| **V** | **വിഗ്രഹിച്ച് എഴുതുക** | 3X1=3 |
| **18** | **കഠിനാധ്വാനം**<br>**(കഠിനത്തിന്റെ അധ്വാനം,കഠിനമായ അധ്വാനം,കഠിനം കൊണ്ട് അധ്വാനം)** | |
| **19** | **ആലോല വായു**<br>**(ആലോലമായ വായു,ആലോലത്തിന്റെ വായു,ആലയമായ വായു)** | |
| **20** | **പുതുനിലാവ്**<br>**(പുതിയ നിലാവ്,പുതുമയേറിയ നിലാവ്,പുതിയതായ നിലാവ്)** | |
| **VI** | **തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഒരു പേജിൽ ഉത്തരം എഴുതുക** | 5X2=10 |

| | | |
|---|---|---|
| **21** | താഴെത്തന്നിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിൽ ഉപന്യാസം തയ്യാറാക്കുക<br>i)റോഡ് സുരക്ഷ<br>ii)മലയാളിയുടെ മാറുന്ന ജീവിത രീതി | |
| **22** | നിങ്ങളുടെ സ്കൂൾ പരിസരത്ത് വാഹനങ്ങളുടെ മത്സര ഓട്ടം കൊണ്ട് ബുദ്ധിമുട്ട് അനുഭവിക്കുകയാണ്.ഇതിന് നടപടി ആവശ്യപ്പെട്ടുകൊണ്ട് വെഹിക്കിൾ ഇൻസ്പെക്ടറിന് ഒരു കത്ത് തയ്യാറാക്കുക | |
| **VII** | അരപ്പുറത്തിൽ ഉത്തരം എഴുതുക | 5X2=10 |
| **23** | ജീവിതശൈലി രോഗങ്ങൾ | |
| **24** | കവി പൂവിൻെറ ശൈശവകാലത്തെ എപ്രകാരമാണ് അവതരിപ്പിക്കുന്നത് | |
| **25** | മകൻെറ ബാല്യകാലത്തെ കുറിച്ചുള്ള മറിയയുടെ സ്മരണ | |
| **26** | ദേവേന്ദ്രന് ഭയം ഉണ്ടാകാൻ കാരണമെന്ത് | |
| **27** | അമ്മ വിളിച്ചിട്ടും കണ്ണൻ ഉണ്ണാൻ ചെല്ലാതിരുന്നത് എന്തുകൊണ്ട് | |